# പതിനാലാം കേരളനിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.209 02/03/2020- ൽ മറുപടിയ്ക്ക്

### സിക്കിൾസെൽ അനീമിയ

**ചോദ്യം**
**ശ്രീ.സി.കെ.ശശീന്ദ്രൻ**

**ഉത്തരം**
**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സിക്കിൾ സെൽ അനീമിയ രോഗികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ രോഗം റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ മാസത്തിലൊരിക്കൽ ആരോഗ്യ ക്യാമ്പുകൾ നടത്തി രോഗികൾക്ക് മരുന്ന് വിതരണം നടത്തി വരുന്നു.<br><br>വയനാട് ജില്ലയിലെ അരിവാൾ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്തു വരുന്നുണ്ട്. സിക്കിൾ സെൽ അനീമിയ ടെസ്റ്റുകൾക്കുള്ള സൗകര്യം ജില്ലാ ആശുപത്രി മാനന്തവാടി, പബ്ലിക് ഹെൽത്ത് ലാബ് സുൽത്താൻ ബത്തേരി, താലൂക്ക് ആസ്ഥാന ആശുപത്രി, സുൽത്താൻ ബത്തേരി, താലൂക്ക് ആസ്ഥാന ആശുപത്രി, വൈത്തിരി, ഗവ.ജനറൽ ആശുപത്രി, കൽപ്പറ്റ, സാമൂഹികാരോഗ്യ കേന്ദ്രം, തരിയോട്/ പൊരുന്നന്നൂർ/ പുൽപ്പള്ളി എന്നിവിടങ്ങളിൽ ലഭ്യമാണ്. ജില്ലയിലെ എല്ലാ അരിവാൾ രോഗികൾക്കും മെഡിക്കൽ കോളേജ് കോഴിക്കോടും, ആരോഗ്യ കേരളം വയനാടും സംയുക്തമായ പദ്ധതിയിലൂടെ 3 കിലോ വരുന്ന പോഷകാഹാര കിറ്റ് അരിവാൾ രോഗ ക്ലിനിക്കിലൂടെ നൽകി വരുന്നു. ഗോത്ര വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ട്രൈബൽ വകുപ്പ് 2,500/- രൂപയും മറ്റ് വിഭാഗങ്ങൾക്ക് സാമൂഹ്യ സുരക്ഷാ വകുപ്പ് 2,000/- രൂപയും നൽകി വരുന്നു. പ്രസ്തുത ജില്ലയിൽ അരിവാൾ രോഗികൾ ഉള്ള എല്ലാ പഞ്ചായത്തിലെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി രോഗികൾക്ക് Cap. Hydroncy |

| | | | |
|---|---|---|---|
| | | | Urea, Tab Folic Acid എന്നിവ നൽകുകയും വിദഗ്ധ ചികിത്സ ജില്ലാ ആശുപത്രിയിൽ നൽകുകയും ചെയ്യുന്നു. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതി മുഖേന അരിവാൾ രോഗ നിർണ്ണയ പരിശോധന നടത്തുകയും, രോഗികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷത്തിലും മേൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്ത് സിക്കിൾ സെൽ രോഗികളുടെ ചികിത്സയ്ക്കായി ബ്ലോക്ക് പഞ്ചായത്തുകൾ വഴി സാന്ത്വനം പദ്ധതി നടപ്പിലാക്കി വരുന്നു. ആകെയുള്ള സിക്കിൾ സെൽ രോഗികളെ 5 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനെയും ഓരോ വെള്ളിയാഴ്ച ദിവസങ്ങളിൽ കോട്ടത്തറ ആശുപത്രിയിൽ ഫിസിഷ്യന്റെ നേതൃത്വത്തിൽ പരിശോധന നടത്തുകയും, മരുന്ന് നൽകുയും ഡയറ്റീഷ്യന്റെ നേതൃത്വത്തിൽ പോഷകാഹാര കിറ്റ് നൽകുകയും കൗൺസിലറുടെയും സൈക്യാട്രിസ്റ്റിന്റെയും, ട്രൈബൽ വെൽഫെയർ ഓഫീസറുടെയും നേതൃത്വത്തിൽ ജനറ്റിക് കൗൺസിലിംഗ് നൽകുകയും ചെയ്തു വരുന്നു. രോഗികളെ കൊണ്ടു വരുന്നതിനും പോകുന്നതിനും വാഹന സൗകര്യവും അന്നത്തെ ദിവസത്തെ ഭക്ഷണവും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സിക്കിൾ സെൽ സ്കാനിംഗ് പഠനങ്ങൾ നടത്തിയിരുന്നു. കൂടാതെ അട്ടപ്പാടിയിലെ 192 ആദിവാസി ഊരുകളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തെരുവുനാടകം, കൂടാതെ അരിവാൾ രോഗമുള്ള വ്യക്തികൾ തമ്മിൽ വിവാഹം കഴിക്കാതെയിരിക്കാനുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നു. ഗവ.മെഡിക്കൽ കോളേജ് കോഴിക്കോട് ആരോഗ്യ കേരളം പാലക്കാട്, ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്റർ എന്നിവരുടെ സഹകരണത്തിൽ സിക്കിൾ സെൽ ക്യാമ്പുകൾ നടത്തി വരുന്നു. കൂടാതെ കോട്ടത്തറ ആശുപത്രിയിൽ വെള്ളിയാഴ്ച ജനിതക കൗൺസിലിംഗം, കൗമാര കൗൺസിലിംഗം നടത്തി വരുന്നുണ്ട്. സ്പെഷ്യാലിറ്റി സേവനങ്ങൾ |

| | | | |
|---|---|---|---|
| | | | 24 മണിക്കൂറും ലഭ്യമാക്കി കൊണ്ടുള്ള ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി കോട്ടത്തറയിൽ പ്രവർത്തിച്ചു വരുന്നു. ഐ.സി.യു ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, വെന്റിലേറ്റർ എന്നീ സൗകര്യങ്ങൾ ഉള്ളതിനാൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ കിടത്തി ചികിത്സയോട് കൂടി അഗളി സാമൂഹികാരോഗ്യ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.<br><br>ആശുപത്രിയിൽ കൃത്യമായി ഫിസിഷ്യന്റെ നേതൃത്വത്തിൽ പരിശോധന നടത്തി മരുന്ന് നല്കുകയും ഡയറ്റീഷ്യന്റെ നിരീക്ഷണത്തിൽ പോഷകാഹാര കിറ്റ് നൽകുകയും കൗൺസിലറുടെയും സൈക്യാട്രിസ്റ്റിന്റെയും ട്രൈബൽ വെൽഫെയർ ആഫീസറുടെയും നേതൃത്വത്തിൽ ജനറ്റിക് കൗൺസിലിംഗ് നൽകുകയും ചെയ്തു വരുന്നു. രോഗികളെ കൊണ്ടു വരുന്നതിനും തിരികെ കൊണ്ടുവിടുന്നതിനും വാഹന സൗകര്യവും അന്നത്തെ ദിവസത്തെ ഭക്ഷണവും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടാതെ പട്ടിക വർഗ്ഗ വികസന വകുപ്പ് വഴി പ്രതിമാസം 1,000/- രൂപ ചികിത്സാ സഹായവും ആശുപത്രിയിൽ അഡ്മിറ്റായാൽ ചികിത്സയും നൽകി വരുന്നു. സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ക്ഷേമ പെൻഷനും നൽകി വരുന്നു.<br><br>താലൂക്കടിസ്ഥാനത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റും നൽകി തുടങ്ങിയിട്ടുണ്ട്. |
| (ബി) | സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | രക്തജന്യ രോഗങ്ങളായ ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ തുടങ്ങിയ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതിനായുള്ള പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ